


ചിത്രായനം
പി.സി.എൻ.ജി.എച്ച്.എസ്.എസ് മൂക്കുതല
(ഡിജിറ്റൽ മാഗസിൻ)
P.C.N.G.H.S.S MOOKKUTHALA
ANJALESH.V.S

# സ്നേഹപൂർവ്വം ഗുരുവന്ദ്യ ശ്രേഷ്ഠന് സമർപ്പണം





# ആശംസ

സാങ്കേതിക രംഗത്ത് നൂതന കാഴ്ചപ്പാടിന്റെ ഭാഗമായി കുട്ടികൾക്കു വേണ്ടിയുള്ള ലിറ്റിൽ കൈറ്റ്സ് കാലിക പ്രസക്തിനേടിവരുന്നു. നമ്മുടെ വിദ്യാലയത്തിലെ കുട്ടികൾ തയ്യാറാക്കിയ 'ചിത്രായനം' ഡിജിറ്റൽ മാഗസിന് പി.ടി.എ യുടെ എല്ലാവിധ ആശംസകളും നേരുന്നു.

**ലക്ഷ്മണൻ. കെ.കെ**
(പി.ടി.എ.പ്രസിഡന്റ്)



# ആശംസ

കാലത്തിനൊപ്പം ചലിക്കുക എന്നത് മനുഷ്യ വിവേകമാണ്. മാറുന്ന ശാസ്ത്രസാങ്കേതികതകൾ മനുഷ്യ പുരോഗതിയുടെ നന്മയ്ക്കുള്ളതായിരിക്കണം. പി.ചിത്രൻ നമ്പൂതിരിപ്പാട് ഗവ. ഹയർസെക്കണ്ടറി സ്ക്കൂളിലെ ലിറ്റിൽകൈറ്റ് വിദ്യാർത്ഥികൾ ചരിത്രത്തിന്റെ ഭാഗമായിമാറ്റുന്ന 'ചിത്രായനം' ഡിജിറ്റൽ മാഗസിന് എന്റെ എല്ലാവിധ ആശംസകളും, അനുഗ്രഹങ്ങളും നേരുന്നു.


**പ്രിൻസിപ്പാൾ**



# ആശംസ

ലിറ്റിൽകൈറ്റ് വിദ്യാർത്ഥികൾ പുറത്തിറക്കുന്ന ചിത്രായനം എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ അനുഗ്രഹാശിസ്സുകളും നേരുന്നു.

ഹെഡ്മിസ്ട്രസ്,



# ആമുഖം

ലിറ്റിൽ കൈറ്റ് എന്ന ഞങ്ങളുടെ ഈ ഐ.ടി കൂട്ടായ്മ സാങ്കേതികതയുടെ വലിയ ആകാശങ്ങളിലെ കുഞ്ഞു പട്ടങ്ങൾ തന്നെയാണ്. ഉയരങ്ങളിൽനിന്നും ഉയരങ്ങളിലേക്കുള്ള ഞങ്ങളുടെ യാത്രയിൽ അധ്യാപകർ ഞങ്ങൾക്ക് വഴികാട്ടി തരുന്നു, ഒപ്പം പറക്കുന്ന പട്ടങ്ങൾ കൂടെനിൽക്കുന്ന ശക്തിയുമാണ്. കാലത്തിന്റെ കാറ്റിനൊപ്പം പ്രയാണം ചെയ്യുന്ന ഞങ്ങളുടെ എളിയ പ്രണാമമാണ് **ചിത്രായനം.** ക്യാമ്പസിന്റെ വർണശബളിമയിൽ നിന്നും കണ്ടെത്തിയ വിദ്യാർത്ഥി മനസ്സിന്റെ കാർബൺ കോപ്പികളാണ് **ചിത്രായനം.**

ലിറ്റിൽ കൈറ്റ്സ്
ഹൈടെക് വിദ്യാലയങ്ങളിലെ
കുട്ടികളുടെ
ഐ.ടി കൂട്ടായ്മ

# ഉള്ളടക്കം

പുസ്തകം........................................................8
മാതൃഭാഷ........................................................9
കണ്ണിനുണ്ടാവുന്ന ചില
പ്രവർത്തന തകരാറുകൾ...............................10
10 ബി ക്ലാസ്സിലെ അപർണ
മനോജ് വരച്ച ചിത്രങ്ങൾ.............................11
To Be Happy..................................................12
വീടുകൾ............................................................13
അവന്റെ ഓർമ്മ.............................................15
കുട്ടിക്കാലം........................................................18
WHOM I WANT TO BE...............................19
My Mother......................................................20
തണുപ്പും വെയിലും.......................................21
ആത്മഹത്യാക്കുറിപ്പ് ....................................22
എന്റെ ഓർമ്മ................................................23
Me And Mother...........................................24
റിസ്വിന്റെ കവിത.........................................25
10 ബി ക്ലാസ്സിലെ ആരിത
വരച്ച ചിത്രങ്ങൾ.............................................26
MY MOTHER.................................................28
എന്റെ എസ്.പി.സി അനുഭവങ്ങൾ......29
കാത്തിരിപ്പ്......................................................32
ദേശാടനക്കിളികൾ.........................................33
സ്വാദ്.................................................................35

# പുസ്തകം

വിജ്ഞനമായ വഴിയരികിൽ
കിടക്കുന്നു കിനാവിൻ പുസ്തകം
അറിവാണു ധനം
മഹത്വത്തിൻ ദനം
ജീവിതമൊരു പാഠംപുസ്തകം
അറിവൊരു ജീവിതം
മുറിയരികിൽ മേശക്കരികെ
കുന്നോളം പുസ്തകങ്ങൾ
നന്ദിയെൻ വിവേകമേ.....
നന്ദിയെൻ അറിവേ.....
നന്ദിയെൻ പുസ്തകമേ....



ഗോപിക.കെ.എസ്
7E

# മാതൃഭാഷ

നിത്യജീവിതത്തിൽ മാതൃഭാഷ നമ്മോടൊപ്പമുണ്ട്. ആശയവിനിമയത്തിനപ്പുറം ഭാഷ നിർവഹിക്കുന്ന ധർമ്മങ്ങൾ ഏറെയാണ്.നമ്മുടെ സംസ്കാരത്തെയും സാമൂഹികജീവിതത്തെയും രൂപപ്പെടുത്തുന്നതിൽ മാതൃഭാഷ മുഖ്യ പങ്കു വഹിക്കുന്നു. മലയാളഭാഷയ്ക്ക് സമ്പന്നമായ സാഹിത്യലോകമുണ്ട്. അത് പരിചയപ്പെടാനും ഒപ്പം മറ്റു ഭാഷകളിലെ ശ്രദ്ധേയമായ സാഹിത്യരചനകളിലേക്കും വൈജ്ഞാനികമേഖലകളിലേക്കും കടന്നുചെല്ലാവും സാധിക്കണം.

സ്വതന്ത്യമായ വായനയ്ക്കും ചിന്തയ്ക്കും സർഗാത്മകാവിഷ്കാരങ്ങൾക്കും അവസരങ്ങൾ കിട്ടണം.ഭാഷയുടെ പ്രയോഗസാധ്യതകൾ മനസ്സിലാക്കാനും മികച്ച രചനകളിൽ ഏർപ്പെടാനുമുള്ള ധാരാളം പഠനനാുഭവങ്ങൾ ക്ലാസ് മുറികളിൽനിന്ന് കിട്ടുന്നുണ്ട് .മാതൃഭാഷയെ സ്നേഹിക്കാനും സംരക്ഷിക്കാനുള്ള കടമ നമ്മൾ മറന്നുകൂടാ.

നമ്മുടെ ഭാഷ മലയാളം

# കണ്ണിനുണ്ടാവുന്ന ചില പ്രവർത്തന തകരാറുകൾ

ദീർഘദൃഷ്ടി
ഹ്രസ്വദൃഷ്ടി
വിഷമദൃഷ്ടി
തിമിരം
കോങ്കണ്ണ്
ഗ്ലോക്കോമ
വർണാന്ധത

# 10 ബി ക്ലാസ്സിലെ അപർണ മനോജ് വരച്ച ചിത്രങ്ങൾ





# To be happy

life goes like river flows
the way of life was not nice
you are my happiness,
you are my everything.
you teach me to live,
to become strong
you are an unremovable part-
in my life.
when i lost you,
I felt as i-
lost everything.
But now I'm happy
you are my best teacher
all new persons in our life,
are new lessons
all new persons are new teachers
life goes through stone,thorn
but,be strong and be happy.

AMRUTHA.K.S
9.B

# വീടുകൾ

ചതുരവും വൃത്തവും
ത്രികോണവും ഉപയോഗിച്ച്
പണ്ടു ഞാൻ വരച്ച
വീടിനു ചുറ്റും
തെങ്ങും കാക്കകളും
ഉണ്ടായിരുന്നു
മെലിഞ്ഞ ഒറ്റവരയിൽ
ഉള്ളതാണെങ്കിലും
പ്രിയ മുഖങ്ങളേറയും
മുറ്റത്ത് ചിരിച്ചിരിപ്പുണ്ടായിരുന്നു
അതിന്റെ ചെറിയ
ജാലകപ്പഴുതിലൂടെ
ഒരുപാട് കാറ്റും വെളിച്ചവും
കഥ പറഞ്ഞെത്തിയിരുന്നു

ഇന്ന്,

വീടിനകത്തും പുറത്തും

വീടുമാത്രം നിറഞ്ഞങ്ങിനെ

നിൽക്കുന്നത്

ഞാൻ എങ്ങനെയാണ്

വരക്കേണ്ടത്?

പി.എം.സജിത്കുമാർ

# അവന്റെ ഓർമ്മ

അതി സുന്ദരമായ ഒരു ഗ്രാമമുണ്ടായിരുന്നു. ആ ഗ്രാമത്തിനു പറയുന്ന പേര് സ്വർഗ്ഗാലയം എന്നാണ്.സ്വർഗ്ഗാലയം എന്ന് പറയാൻ അത് അത്രക്കും സ്വർഗ്ഗമായ ഗ്രാമമാണ്.ആ ഗ്രാമത്തിന് മറ്റൊരു വിശേഷണമുണ്ട്. ആ ഗ്രാമത്തിന്റെ ഐശ്വര്യം എന്ന് പറയുന്നത് ആ ഗ്രാമത്തിലെ "തോടാണ്". ആ തോടിനെ കൃഷ്ണമണിയെന്നാണ് വിളിച്ചിരുന്ന്ത്. ആളുകളുടെ കണ്ണിലെ കൃഷ്ണമണിയായിരുന്നു ആ തോട്. കാരണം ഒരു വിശേഷണത്താലും പ്രസിദ്ധമാകാത്ത ആ ഗ്രാമം തോടിനാൽ പ്രസിദ്ധമായി.ആ തോട് കൊണ്ട് നാടും നാട്ടുകാരും അറിയപ്പെട്ടു. എന്നാലും ഒരു തോട് കൊണ്ട് ഗ്രാമം പ്രസിദ്ധമാകുമോ?. ചിലർ സംശയും വരെ പുലർത്തി. പക്ഷേ നേരിൽകണ്ട പലരും ആ തോടിനെ വളരെ അതിശയത്തോടെയു അഹങ്കാരത്തോടെയുമാണ് നോക്കിയത്. സ്വർഗ്ഗാലയത്തെയും കൃഷ്ണമണിയെയും കാണാൻ ഒരു പാട് ടൂറിസ്റ്റുകളും മറ്റു ജനങ്ങളും തുരുതുരേ വന്നുകൊണ്ടിരിന്നു.പൂമരങ്ങൾ പലവട്ടം പൂത്തുമാനം പലവട്ടം കരഞ്ഞു ചിരിച്ചു. തോടുനിറയെ പ്ലാസ്റ്റിക്കും മറ്റുമാലിന്യങ്ങളും നിറഞ്ഞു. തോട് ജനങ്ങളുടെ കണ്ണിൽ ഒരു പൂമ്പൊടിയായി മാറി. പിന്നെ എന്തിന് ഇതിലപ്പുറം പറയണം. അങ്ങനെയിരിക്കെ തോടിനടുത്തുതാമസിക്കുന്ന ഒരു കുട്ടിക്ക് പനി വന്നു. പിറ്റേന്നു രാവിലെ ആശുപത്രിയിൽ കൊണ്ടുപ്പോയി. അപ്പോഴാണ് അറിഞ്ഞത് അതു സാധാരണ പനിയല്ലായെന്നും ഡെങ്കിപനിയാണെന്നും അതുമാലിന്യത്തിൽ നിന്ന് പകരാൻ ആണ് സാധ്യതയെന്നും ഡോക്ടർ പറഞ്ഞു പക്ഷേ രക്ഷിക്കാൻ ആയില്ല.അന്നു

വൈകുന്നേരം അവൻ മറിച്ചു. അവന്റെ പേരാണ് രാമൻ. അച്ചൻ കൃഷ്ണൻ. അമ്മ സാവത്രി. സാവത്രി ചേച്ചിക്കും കൃഷ്ണേട്ടനും കുട്ടികളുണ്ടായിരുന്നില്ല. ഒരു പാട് കാലത്തെ വ്രധപൂജകളുടെ ഫലമായി പിറന്നവൻ. രാമന്റെ വിയോഗത്തോടെ രണ്ട് പേരും ആകെ തളർന്നു.അതേ ദിവസം ദിവസം തന്നെയാണ് പണ്ടൊരിക്കൽ നാട്ടുവിട്ടുപോയ ബാലേട്ടൻ വരുന്നത്. നാട്ടു വിട്ടു പോകുമ്പോൾ ബാലേട്ടനെ വെറും പതിനഞ്ചുവയസ്സമാത്രം ഇപ്പോൾ മുപ്പത്തി ഒമ്പത് വയസ്സായത്രേ. രാമന്റെ മരണവാർത്ത കേട്ട ബാലേട്ടൻ നേരേ പോയി കൃഷ്ണേട്ടന്റെ വീട്ടിലേക്ക്. ഇതാരാണെന്ന് ആർക്കും മനസ്സിലായില്ല. കൂട്ടത്തിൽ നിന്ന് എവിടയോ ഒരു ശബ്ദമുറ കേട്ടു. "ഇത് പണ്ട് നാട്ടുവിട്ടുപോയ നമ്മുടെ അമ്മിണിയമ്മയുടെ മോനാണ് ".ബാലേട്ടൻ കൃഷ്ണട്ടനെ കെട്ടിപിടിച്ചു.എന്നിട്ട് സൗമ്യത്തോടെ കൃഷ്ണയെന്നും വിളിച്ചു വിങ്ങിപൊട്ടിയ സങ്കടത്തോടെ കൃഷ്ണേട്ടൻ പറഞ്ഞു. ബാലാ നമ്മുടെ രാമൻ നമ്മളെ വിട്ടുപോയി. സാവധാനം ബാലേട്ടൻ കൃഷ്ണേട്ടനെ സമാതാനിപ്പിച്ചു. അപ്പോഴാണ് സാവത്രി ചേച്ചി ഒരു ഭ്രാന്തിയെ പോലെ ഇരിക്കുന്നത്. ബാലേട്ടന്റെ ശ്രദ്ധയിൽ പെട്ടത് കുറച്ച് നേരത്തിന് ശേഷം ബാലേട്ടൻ നേരേ പോയി തന്റെ അമ്മയായ അമ്മിണിയമ്മയുടെ അടുത്തേക്ക്. പക്ഷേ ബാലേട്ടൻ അപ്പോഴും സംശയമുണ്ടായിരുന്നു.രാമൻ എങ്ങനെയാണെന്ന് മരിച്ചത്?.വൈകാതെ തന്നെ ബാലേട്ടൻ അറിഞ്ഞു. രാമന് ഡങ്കിപനിയാണെന്നും അത് പണ്ടൊരിക്കൽ ഈ നാടിന്റെ ഐശ്വര്യമായ തോട്ടിൽ നിന്നാണെന്നും കുറച്ചു ദിവസം കഴി ഞ്ഞപ്പോൾ ഒരു ഉദ്യോഗസ്ഥൻ വന്നു ഗ്രാമം സന്ദർശിച്ചു.അദ്ദേഹം അദ്ദേഹത്തെ പരിചയപ്പെടുത്തി. പഞ്ചായത്ത് ഉദ്യോഗസ്ഥനാണെന്നും ഈ ഗ്രാമത്തിൽ ഡങ്കിപനി മൂലം മരണം

സംഭവിച്ചെന്നും കേട്ടു. അതിന് കാരണം തോട്ടിൽ നിക്ഷേപിച്ച മാലിന്യമാണത്രേ. ആ തോട് കാണാനാണ് ഞാൻ വന്നത്. തോടിനടുത്ത് പോയ ശേഷം അദ്ദേഹം നാട്ടുകാരോട് തോട് മാലിന്യത്തിന്റെ നാശനഷ്ടത്തെ കുറിച്ച് പറഞ്ഞുകൊടുത്തു. ആളുകൾക്ക് മനസ്സിലായി അവർ ആ തോടിനെ സംരക്ഷിച്ചു. പഴയ സ്മരണകളുമായി ജീവിച്ച ആ തോട് വീണ്ടും പുനർജ്ജനിച്ചു.വരുന്ന പഞ്ചായത്ത തല വൃത്തി തല മത്സരത്തിൽ ഞങ്ങളുടെ വാർഡിന് ഒന്നാം സമ്മാനം ലഭിച്ചു. ആ ട്രോഫി ഞങ്ങൾ രാമന്റെ ഓർമ്മക്കായി കൃഷ്ണേട്ടന്റെ കൈകളിൽ ഏൽപ്പിച്ചു . തുടുത്ത മുഖവുമായി സൂര്യൻ കിഴക്കോട്ട് നീങ്ങുകയാണ് നിഴലുകൾക്ക് ഒതുങ്ങി കൂടാനുള്ള വഴിച്ചാലുകൾ പോലെ.

ഹനീന.കെ.എ

8D

# കുട്ടിക്കാലം

സൗഹൃദ സ്നേഹത്തിൻ
പൂക്കൾ വിരിഞ്ഞെന്റെ കുട്ടിക്കാലം
മാമ്പൂവ് പൂക്കും നേരത്ത്
മാവിനരികിൽ ഓടിയെത്തും
മാങ്ങകൾ പൂക്കും കാലത്ത്
കാക്കയെത്തും മുമ്പ് ഓടിയെത്തും
പെരുമഴപെയ്യും നേരത്ത്
വാഴയിലചൂടി പള്ളിക്കൂടമുറ്റത്തെത്തും
നനഞ്ഞു കുതിർന്ന അക്ഷരത്താളുകൾ
ഒന്നെടുത്തു നോക്കും
കുട്ടിക്കാലം ഒരോർമയായി അക്ഷരങ്ങളിൽ കുറിച്ചുവച്ചു.

ആർദ്ര. കെ
6B

# WHOM I WANT TO BE

Well, he was born as a baby like any other. Two hands, two legs,one mouth,two ears and two eyes. The first word he heard through his ears instead of his name was “son: you have to become a doctor”said his Mom .The other voice he heard was his dad's. He said,“oh son;you are my future engineer.

Well, he started going to school. When he used to play with his dad was very happy. He thought, “oh my god! he is going to be a best engineer ever”.But,it was when he grew up he came to be know that sin, cos and tan were the worst part of his night mare. His uncle said ,“you are very good in conversation and debates. You have to become a lawyer” Being the first child in the family held a lot of pressure from many sides. Should he follow his dreams or their dreams? He was confused. He was neither interested to become a doctor nor an engineer. He had a dream of becoming a musician.

Finally, he wrote his twelth board edam falling trigonometry and algebra. He failed in the Le chatelier's principle of chemistry. His parents, teachers, the whole family blamed him. He felt himself as a burden to the world. He bid good bye to his life stopping his thought, “whom I want to be?”

**ZANHA K.P – 10 B**

# My mother

when water plays before my eyes,
hearing the song old flatting rain drops...
my eyes searching for your face
my eyes listen for your voice...
I know distance separated us,
still I feel presence
when the thunder shakes the earth
when the sweet breath touches me
oh! my MOM you area the ocean of love
oh...!my visible angel..
you are the architect of my
character
director of my desire
even my heart beats
tuhms rhythm of my love to you
I believe it can reach you
mind not the handles
between us,
LOVE YOU MY MOTHER



അഭിനവ്.എം.എ
7E

# തണുപ്പും വെയിലും

ഇളം തണുപ്പിൽ മരച്ചുവട്ടിൽ
ഇരുന്നു മയങ്ങി ഞാൻ
കൊടും വെയിലിലെ ചൂടുകൊ-
ണ്ട് മയക്കമുണർന്നു ഞാൻ
വെയിലുപോയ നേരം നോക്കി
മെല്ലെ നടന്നു ഞാൻ വീട്ടിവലെത്തി-
യപ്പോൾതന്നെ മയങ്ങിപ്പോയിഞാൻ

ആർഷ.കെ
5B

# ആത്മഹത്യാക്കുറിപ്പ്

കണ്ണും വായേം മൂടികെട്ടി
മരണത്തിന്റെ മാറിലേയ്ക്ക് ചായുന്നു.
മുഖം ചുക്കിചുളിഞ്ഞ്, ജീവിതത്തിന്റെ
വന്ധ്യതയിലേക്ക്....
ആകൃതവേഷയായ് ഞാനീഭൂവിൽ
ജീവിക്കുമ്പോഴും
അവനത് നിർത്തിയില്ല.
മനുഷ്യശരീരത്തെ പിച്ചിചീന്തുന്നഭ്രാന്തൻ
മനുഷ്യൻ;
തന്റെ ഗർഭപാത്രത്തിലെ
കുട്ടിക്ക് ഞാൻ ജീവിച്ചിരിപ്പുണ്ടോ
എന്ന് അറിയാത്തവണ്ണമായ്
എന്റെ അഴിച്ചിട്ടമുടിയിലേക്ക്
നോക്കിയപ്പോൾ
തിളങ്ങുന്ന ചോരയുടെ മണമുണ്ടായിരുന്നു.
എനിക്ക് വെളിച്ചത്തിന്റെ ഗന്ധത്തോട്
ഭയമായിരുന്നു.
കാരണം
ഇനിയൊരു ജിഷയാവാൻ സൗമ്യയാവാൻ
എനിക്കു താൽപര്യമില്ല.
ഞാൻ അമ്മയുടെ പൊക്കിൾക്കൊടികൊണ്ട്
ആത്മഹത്യചെയ്യുകയാണ്.

ആഷാഢ. .എൽ
10C

# എന്റെ ഓർമ്മ (ജ്യോതിപർണ.എം)

അന്ന് അയൽപക്കത്തു വരാറുള്ള പൂച്ച ഇന്ന് ഞങ്ങളുടെ വീട്ടിലും വന്നു തവിട്ടുനിറത്തിലുള്ള നല്ല ഭംഗിയുള്ള പൂച്ചയായിരുന്നു അത്.അതിന്റെ ശബ്ദം എനിക്ക് ഇഷ്ടമായി.അമ്മയും ഏട്ടനും പാലുകൊടുത്തപ്പോൾ അത് ഞങ്ങളെ നോക്കി വാലാട്ടി. അത് സ്നേഹം പ്രകടിപ്പിക്കുകയാണെന്ന അമ്മ പറഞ്ഞു. കുട്ടികളായ ഞങ്ങളെ ഇഷ്ടമായതുകൊണ്ടാവാം അതു ഞങ്ങളോട് സ്നേഹപ്രകടനം കാണിക്കുകയും അതിന്റെ വരവ് സ്ഥിരമാക്കി തീർത്തതും.അച്ഛൻ അതിന് ചിണ്ടൻ എന്നു പേരിട്ടു.അന്നു രാത്രി മഴയുള്ള ദിവസമായിരുന്നു.ചിണ്ടൻ ഞങ്ങളുടെ വീടിന്റെ പുറത്തുള്ള പടിയിൽ വന്നിരുന്നു.മഴയും ഇടിയും കാറ്റും കാരണം അതിന് തണുക്കുന്നുണ്ടെന്ന് എനിക്ക് മനസ്സിലായി.വേഗം അകത്തു പോയി ഒരു തുണിയെടുത്തു അതിനെ പുതപ്പിച്ചു.മഴയില്ലാത്ത ദിവസങ്ങളിൽ ഞങ്ങൾ കളിച്ചിരുന്ന കുട്ടിപ്പുരയിലും വന്നിരുന്നു അതുമാത്രമല്ല ഞങ്ങൾ കളിച്ചുകൊണ്ടിരിക്കുമ്പോൾ നടുമുറ്റത്തുവന്ന് ഇരിക്കലായിരുന്നു അവന്റെ പണി.ഏട്ടൻമാർ ഷട്ടിൽബാറ്റ് കളിക്കുമ്പോൾ അത് നടുവിൽ വന്നിരുന്നു ഷട്ടിൽ പോകുന്നതുപോലെ അവന്റെ തലയും

# Me and mother

Oh!my mother,oh!my mother
you are the best,you are the best
you are my god,you are my love
you are my life,you are you are
you are my all.....
I love you mother
you want my love which
you give me a lot.
you are the best,you are the good
you bring me into a world of love.
Happiness,care,blessings
I get from
I love you so much
you are the fairy,who is-
god's daughter

ഹരിപ്രിയ. വി. കെ
7E

# റിസ്വിന്റെ കവിത

ഉണർവിന്റെ
പകൽവെളിച്ചത്തിൽ
ഞാൻ
മറവിതൻ താഴിൽ
ഹൃദയത്തുറുങ്കിലടച്ച
ചില ഓർമ്മകൾ
നിദ്രവിഹീന-
രാവിൻ മറയിൽ
മതിലുകൾ
ഭേദിക്കുന്നു.....

റിസ്വിൻ.എൻ




10 ബി ക്ലാസ്സിലെ ആരിത വരച്ച ചിത്രങ്ങൾ



# MY MOTHER

MY MOTHER ,SHE IS MY FIRST LOVE,
BECAUSE,HER WORDS ARE SOFT LIKE A FEATHER,
HER HEART IS CLEAN LIKE A WHITE DOVE,
SHE PROTECT ME WITH A LOT OF LOVE.
SHE IS MY TEACHER,
HER LESSONS ARE SWEET LIKE HONEY,
SHE IS BEST EVER IN THE WORLD.
SHE IS THE FIRST WORD IN MY LIP,
SHE TEACH ME IT WITH LOVE.

മുഫീദ.
8C



# എന്റെ എസ്.പി.സി അനുഭവങ്ങൾ

എന്റെ പേര് ഞാൻ രേഖപെടുത്തുന്നില്ല കാരണം സാറിന് അറിയാമെന്ന് വിചാരിക്കുന്നു ഞാൻ എസ് പി സിയിൽ വന്നതിനു ശേഷം സത്യം പറഞ്ഞാൽ എനിക്ക് എന്ത് മാറ്റം വന്നു എന്ന് എനിക്ക് അറിഞ്ഞുകൂടാ. എനിക്ക് അറിയാവുന്ന കാര്യങ്ങൾ ഞാൻ എഴുതാം ഞാൻ വണ്ടിയിൽ പോവുകയാണെങ്കിൽ ഹെൽമറ്റ് ധരിക്കാതെയാണ് പോകുന്നതെങ്കിൽ പെട്ടെന്ന് എനിക്ക് എസ് പി സിയെ കുറിച്ചും ഹെൽമറ്റ് ധരിക്കേണ്ടതിന്റെ പ്രാധാന്യത്തെകുറിച്ചും എനിക്ക് ഓർമവരും. അപ്പോൾ ഞാൻ പറയും ഹെൽമറ്റ് ധരിക്കാൻ അത് എന്നിൽ ഉണ്ടായ ഒരു മാറ്റമാണെന്ന് ഞാൻ കരുതുന്നു. ആദ്യം എനിക്ക് എസ് പി സി എന്തിനാണെന്ന് വരെ തോന്നിയിട്ടുണ്ട് പക്ഷെ ഒരുപ്പാട് ദിവസ്സങ്ങൾ പോകും തോറും അതിനെ കുറിച്ചും അത് എന്തിനാണ് വേണ്ടതെന്നുമൊക്കെ കുറച്ച് കുറച്ചായി മനസ്സിലാവാൻ തുടങ്ങി. ആദ്യം ഞാൻ സൈലന്റ് ആയിരുന്നു എന്നാണ് എന്റെ കൂട്ടുകാർ പറയുന്നത്. അതുപ്പോലെത്തന്നെ ഒന്നുകൂടി അവർ പറയുന്നുണ്ട്.ഇപ്പോൾ ഞാൻ അവരോട് എല്ലാം ചോദിച്ചറിയാനും അത് പരിഹരിക്കാനും തുടങ്ങിയെന്ന് അവർ പറയുന്നു.എന്റെ ക്ലാസിൽ നിന്ന് ഞാൻ ഇത്രയും കാലമായി മനസ്സിലാക്കിയത്.അവരിൽ ചിലരുടെ വീടിനെകുറിച്ചും അവരുടെ കുടുബ പശ്ചാത്തലത്തെകുറിച്ചും ഞാൻ മനസ്സിലാക്കി.എസ് പി സിയിൽ വന്നതിനു ശേഷം അച്ചടക്കം എന്ന കോൺസപ്റ്റാണ്

ഞാൻ നോക്കിയത്.ആ അച്ചടക്കത്തിൽ എല്ലാം ആവാൻ

കഴിഞ്ഞില്ലെങ്കിലും ചിലതൊക്കെ ആവാൻ സാധിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു.എസ് പി സി കുട്ടികളെ ഇനിയും ഒരുപ്പാട് കാര്യങ്ങളിൽ ഏക്റ്റീവ് ആകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇപ്പോൾ എനിക്കു തോന്നുന്നു എസ് പി സി നല്ല ഒരു കാര്യമാണെന്നും അത് എല്ലാവർക്കും ഉപയോഗപ്രദമായ കാര്യമാണെന്നും തോന്നുന്നു.ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു നന്ദി.



# കാത്തിരിപ്പ്

ഞാൻ

യാത്രയായൊരു തോണി

തിരികെ.

തീരത്തടുക്കവേ

ഒഴുക്ക്നിലച്ചിട്ടും

പലരും മറന്നിട്ടും

യാത്രയാക്കിയ നീ

മാത്രമാക്കടവത്ത്

ബാക്കിയെന്തേ....

റിസ്വിൻ. എൻ



# ദേശാടനക്കിളികൾ

വിനോദ്കൃഷ്ണൻ. ടി.വി
(HST-നാച്ചുറൽ സയൻസ്)

ഓട്ടോഗ്രാഫിന്റെ അവസാനത്തെ പേജിൽ സിദ്ധാർത്ഥൻ മാഷ് എഴുതിയ വാചകത്തിൽ കണ്ണുകൾ വീണ്ടും ഉടക്കി നിന്നു. "ഓർമ്മകളുടെ നൂലേണികൾക്ക് ബലം കുറയുമ്പോൾ പ്രിയപ്പെട്ട കുട്ടി-ഭൂതകാലം നമുക്കിടയിൽ ഒരു കടംകഥ മാത്രമായവശേഷിക്കുന്നു''. ഒന്നാമത്തെ പേജിൽ 10-'സി'യിലെ ഗായത്രി എഴുതിയി രിക്കുന്നു-"ഓർക്കാൻ മറന്നാലും മറക്കാൻ ശ്രമിക്കരുത്!" ഗായത്രിയിൽനിന്നും സിദ്ധാർത്ഥൻ മാഷ് വരെയുള്ള ഓട്ടോ ഗ്രാഫിന്റെ പേജുകളിൽ എത്രയെത്ര വാചകങ്ങൾ. ആവർത്തന വിരസതയാർന്ന ചതഞ്ഞരഞ്ഞ വാക്കുകളും, കവിതാശകലങ്ങളും, പച്ചത്തെറികളുംവരെ.. ഓരോന്നും ഓരോ ചൂണ്ടുവിരലുകളാണെന്ന് തോന്നി. ഓരോന്നും നെഞ്ചിനുനേരെ നീട്ടിപിടിച്ചിരിക്കുന്ന നിറ തോക്കുകളാണെന്ന് തോന്നി.

പരീക്ഷകഴിയുന്നതോടെ പടയൊഴിഞ്ഞ പടക്കളംപോലെ അനാഥമാകുന്ന ഈവിദ്യാലയത്തെക്കുറിച്ചോർക്കുമ്പോൾ കണ്ണുകൾ ഈറനണിയുന്നുവോ? ഒരന്യനെപ്പോലെ ഇനിയും ഇവിടേക്ക് കയറിവരേണ്ട നാളുകളെക്കുറിച്ചോർക്കുമ്പോൾ... വയ്യ എനിക്കതിനാവില്ല. എത്രയെത്ര സൗഹാർദ്ദങ്ങളുടെ ഇഴകളാണ് പൊട്ടിച്ചെറിയേണ്ടിവരിക. വിദ്യാർത്ഥി സമരങ്ങളുടെ നേതൃനിരയിൽ തൊണ്ടപൊട്ടുമാറ് മുദ്രാവാക്യം മുഴക്കാറുള്ള ദിലീപ് മേനോൻ, മുടിയിൽ

എന്നും ഒരു റോസാപ്പൂവും, കണ്ണുകളിൽ വാത്സല്യത്തിന്റെ നിറവെളിച്ചവുമായി കടന്നു വരാറുള്ള നാൻസിടീച്ചർ, ചുള്ളിക്കാടിന്റേയും കടമ്മനിട്ടയുടേയും കവിതകൾ ഈണത്തിൽ ചൊല്ലാറുള്ള താടിക്കാരൻ സിദ്ധാർത്ഥൻ മാസ്റ്റർ, ഉന്തുവണ്ടിയിൽ കടല വറക്കുന്ന അലവിക്ക, ചൂടുള്ള പരിപ്പുവടയുടെ സ്രഷ്ടാവായ ചായക്കടക്കാരൻ ശ്രീധരൻ നായർ... അങ്ങിനെ എത്രയെത്രപേർ!

കുട്ടികളുടെ പേടിസ്വപ്നമായിരുന്ന "ചൂരൽ ചന്ദ്രൻമാസ്റ്റർ" സ്ഥലം മാറ്റംകിട്ടിപോകുന്ന വിവരം അറിഞ്ഞ് കുട്ടികൾ സന്തോഷത്തോടെ ആർപ്പുവിളിച്ചു. യാത്രയപ്പുസൽക്കാരങ്ങൾക്ക് നന്ദിപറയാൻ ഓഡിറ്റോറിയത്തിൽ നിന്ന ചന്ദ്രൻ മാസ്റ്റർ കുട്ടികൾക്ക് അപരിചിതനായിരുന്നു. “എന്റെ കുട്ടികളെ"...... എന്നുപറഞ്ഞ് ഗദ്ഗദം മൂലം വാക്കുകൾ തുടരാനാവാതെ നിന്ന ചന്ദ്രൻമാസ്റ്ററെ കണ്ടപ്പോൾ എല്ലാവരുടെയും കണ്ണുകൾ ഈറനായി. നാരായണൻ മാസ്റ്റർ ഒരിക്കൽ പറഞ്ഞ വാചകം ഓർമ്മവന്നു... “ഈ സ്കൂൾ ഒരു വഴിയമ്പലമാണ്. ആർക്കും അധികകാലം ഇവിടെ കഴിയാനാവില്ല.”

*ഇനിയും വെള്ളപൂശിയിട്ടില്ലാത്ത കരിങ്കൽ ഹാളിനുപിന്നിലെ ഉങ്ങുമരത്തിൽ കൗമാര കമിതാക്കളുടെ പേരുകൾ ആണികൊണ്ട് വരഞ്ഞുവെച്ചിരിക്കുന്നു. ജീവിതത്തിന്റെ ദുരന്തങ്ങളിലേക്ക് ഇറങ്ങിത്തിരിക്കും മുൻപ് പ്രിയപ്പെട്ട ചാവോക്കുമരങ്ങളെ..... നിങ്ങൾക്ക് നന്ദി.! തിരിഞ്ഞ്നോക്കാനാവാതെ പടിയിറങ്ങും മുൻപ്, ഒരുപാട് സ്വപ്നങ്ങളും അതുപോലെ മുറിവുകളും നൽകിയ പ്രിയ സഹോദരൻമാരെ നിങ്ങൾക്കും നന്ദി.! നീണ്ടൊരീ ജീവിതപ്പാതയിൽ പാഥേയമാകുവാൻ ഈ സ്വപ്നങ്ങളും മുറിവുകളും മാത്രം മതി...*



# സ്വാദ്

ശരണ്യ
(ഹിന്ദിഅധ്യാപിക)

ഒരു ജാതക പ്രശ്നം അവളിൽ നിഴൽ വീണത്. എന്തോ ദോഷമുണ്ടത്രേ.18 വയസ്സിന് മുൻപ് കല്യാണം കഴിഞ്ഞില്ലെങ്കിൽ പിന്നെ മംഗല്യ യോഗം ഇല്ല താനും.  അവളുടെ സ്വപ്നങ്ങൾക്കോ, തീരുമാനങ്ങൾക്കോ വില നൽകാതെ വീട്ടുകാർ ബോംബെയിലെ സോഫ്റ്റ് വെയർ എഞ്ചിനീയറുമായി വിവാഹം നിശ്ചയിച്ചു. വരന്റെ കുടുംബം കുറേ കാലമായി ഗുജറാത്തിലാണ്.

എന്തായാലും എന്താ 'മലയാളികളല്ലേ ഇത്തിരി ദൂരെയാണെങ്കിലും ഇന്നത്തെക്കാലത്ത് വീഡിയോ കോൾ ഒക്കെ ചെയ്യാമല്ലോ എന്തായാലും ഇതവളുടെ മഹാഭാഗ്യം എന്ന വർ പറഞ്ഞു.

എല്ലാം നല്ലതിനാണ്. ഓരോന്നിനും ഓരോ സമയമുണ്ട് എല്ലാം ആ സമയത്ത് മാത്രമേ നടക്കൂ എന്നെല്ലാം വീട്ടുകാർ പറഞ്ഞ് ആശ്വസിപ്പിച്ചു വളരെ ആർഭാടമായ ഒരു വിവാഹം. മൂന്നാം നാൾ മുതൽ ഗുജറാത്തിൽ. കൂടുതൽ പരിചയപ്പെടുന്നതിന് മുൻപ് തന്നെ ഭർത്താവ് ബോംബെയ്ക്ക് യാത്ര തിരിച്ചു.  ഭാഷയെല്ലാം പഠിച്ച് അങ്ങോട്ട് പോയാൽ മതി എന്ന ഭർതൃ വീട്ടുകാരുടെ കടുംപിടുത്തത്തിൽ നിന്ന് മാറി ചിന്തിക്കാൻ അവൾക്കായില്ല.

പിന്നീട് അവളുടെ ജീവിതം യാന്ത്രികമായി മാറി. കുടുംബത്തിലെ ഓരോരുത്തരുടേയും രുചിഭേദങ്ങൾ അവൾ അറിഞ്ഞു

നൽകിക്കൊണ്ടിരുന്നു.ഇതിനിടയിൽ തന്റെ ഉള്ളിലെ സംഗീതം എന്നേ അവൾ മറന്നു പോയിരുന്നു. കാലം അവളെ 2 കുട്ടികളുടെ അമ്മയാക്കി. അവരുടെ പഠനവും ഗുജറാത്തിൽ തന്നെ .

ഒരു കുളിർതെന്നൽ അവളെതഴുകി. സഹോദരന്റെ വിവാഹത്തിന് തന്റെ പ്രിയപ്പെട്ട കൂട്ടുകാരിയെ അവൾ കണ്ടുമുട്ടി.അവൾ ബാങ്കിൽ ഉദ്യോഗസ്ഥ യാണ്. തന്റെ അത്രയൊന്നും അവൾ പഠിക്കില്ലായിരു

ന്നല്ലോ? പിന്നെങ്ങനെ? അവൾ സ്വയം ഒന്നു തിരിഞ്ഞുനോക്കി നഷ്ട ബോധം അവളെ പിടിമുറുക്കുന്നതായി അവൾക്ക് തോന്നി. അവരുടെ ബാച്ചിലെ പൂർവ്വ വിദ്യാർത്ഥി സംഗമം അടുത്തമാസം നടത്താൻ തീരു മാനിച്ച കാര്യം കൂട്ടുകാരിയിൽ നിന്നും അവളറിഞ്ഞു. അതിനായിഉണ്ടാ ക്കിയ വാട്സാപ്പ് ഗ്രൂപ്പിൽ താൻ മാത്രം ഇല്ല. കൂട്ടുകാരി കാണിച്ച വാട്സാപ്പ് ഗ്രൂപ്പ് വിദ്യാലയത്തിന്റെ ചിത്രങ്ങളും, കൂട്ടുകാരും, പിന്നെ കുറേ ഓർമ്മകളും നിറച്ച ഒരു ഓർമ്മച്ചെപ്പായി അവൾക്ക് തോന്നി. ഭൂതകാല ത്തിലേക്ക് അവൾ ഒരുനിമിഷം ഊളിയിട്ടു. എന്തായാലും എല്ലാവരേയും ഒരിക്കൽക്കൂടികാണണം എന്നവൾ തീരുമാനിച്ചു.

അങ്ങനെ ആദിവസം വന്നെത്തി. കുറേകാലത്തിനുശേഷം കാണുന്ന സുഹൃത്തുക്കൾ...സന്തോഷം തിരതല്ലി. ഓരോരുത്തരും തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചു. അടുത്ത ഊഴം അവളുടേ തായിരുന്നു. തങ്ങളുടെസ്കൂളിലെ ഗാനകോകിലത്തിൽനിന്നും ഒരു ഗാനം കേൾക്കാൻ അവർ കാതോർത്തപ്പോൾ അവളുടെ തൊണ്ട ഇടറി. കൈകൾ വിറച്ചു. അവൾ ആകെ വിയർത്തു. ഒരു പരാജയ ബോധം അവളെ മൂടി.

തുടർന്ന് ഡിന്നറിന്റെ സമയായിരുന്നു. തന്റെ ഏറ്റവും പ്രിയപ്പെട്ട കൂട്ടുകാരി അവളുടെകാതിൽ ഓതി "ഞാൻ നിനക്ക് ഏറ്റവും ഇഷ്ടപ്പെട്ട സാധനം കൊണ്ടു വന്നിട്ടുണ്ട്" എന്ന് പറഞ്ഞ് ബാഗിൽനിന്ന് ഒരു

പൊതി എടുത്തുകൊടുത്തു. കൂട്ടുകാരിയോട് സ്വകാര്യം പറയുന്ന തെന്തെന്ന് നോക്കാൻ എത്തിയവരും അതിൽ നിന്ന് കൈയ്യിട്ട് വാരി. “ഓ ഇത് നല്ല സ്വാദുണ്ടല്ലോ? വല്ല Uber eats(ഊമ്പർ ഈറ്റ്സ്) വഴി ഓർഡർ ചെയ്തതാകും". ഒരാൾ കളിയാക്കി. “അല്ല ഇത് ഞാൻ ഇവർക്കായി പ്രത്യേകം കൊണ്ടുവന്നതാണ്". പണ്ട് ഇത് ഇവൾക്ക് എത്ര കഴിച്ചാലും മതിവരില്ലായിരുന്നു. ഓരോതവണ ഇത് ഉണ്ടാക്കു മ്പോഴും ഞാൻ ഇവളെ ഓർക്കും. "അതിനെങ്ങനാ നാട്ടിലൊക്കെ വല്ലപ്പോഴും വരണേ?” പ്രിയ കൂട്ടുകാരി കൂട്ടിച്ചേർത്തു.

ഇതെല്ലാം കേട്ട് രസ്ന തന്റെ കൈയ്യിലെ പൊതിയിലേക്ക് നോക്കി.

ഒരു ഭാവ വ്യത്യാസവുമില്ലാതെ അവൾ അതിലേക്ക്നോക്കി... നെറ്റി ചുളിച്ചു. പിന്നെല വളരെ പതുക്കെ ചക്ക പ്പൊതിയിലെ ഒരു കഷ്ണം എടുത്ത് വായിലിട്ടു. “ഇപ്പോൾ സന്തോഷമായില്ലേ”? കൂട്ടുകാർ ചോദിച്ചു. ആ.. ഒരു മൂളലിൽ അവൾ ഉത്തരം ഒതുക്കി. “ഇതോ...തനിക്കിഷ്ടപ്പെട്ട സാധനം”. ഒരു നിമിഷം ചിന്തിച്ചു. ഒരു നിമിഷത്തേക്ക് അവൾ തരിച്ചു നിന്നു. അവൾ തന്റെ സ്വാദ് എന്നേ മറന്നു പോയിരുന്നു.

# നന്ദി

“ സ്മരണതൻ ദൂരസാഗരം തേടിയെൻ
ഹൃദയരേഖകൾ നീളുന്നു പിന്നെയും
കനകമൈലാഞ്ചി നീരിൽ തുടുത്ത നിൻ
വിരൽതൊടുമ്പോൾ കിനാവ് ചുരന്നതും
നെടിയ കണ്ണിലെ കൃഷ്ണകാന്തങ്ങൾ തൻ
കിരണമേറ്റെന്റെ ചില്ലകൾ പൂത്തതും
മറവിയിൽ മാഞ്ഞുപോയ നിൻ കുങ്കുമ-
തരിപുര ചിദംബര സന്ധ്യകൾ ”

<u>ബാലചന്ദ്രൻ ചുള്ളിക്കാട്</u>

മറവിയിൽമാഞ്ഞുപോയവ
തിരിച്ചെടുക്കുവാൻ ഈ
ഡിജിറ്റൽ മാഗസിനാവട്ടെ
എന്ന പ്രാർത്ഥനയോടെ...

ഞങ്ങൾ,
ലിറ്റിൽ കൈറ്റ്സ്
വിദ്യാർത്ഥികൾ